അണ കെട്ടുന്നതോ പൊട്ടുന്നതോ പ്രശ്നം?

**കേരളീയം ചർച്ച തുടരുന്നു....**

**മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസിൽ പ്രൊഫസറായ ഡോ. ജനകരാജൻ ജലതർക്കങ്ങൾ, ജലവിനിയോഗം, നാഗരികപ്രശ്നങ്ങൾ, ദുരന്തനിവാരണം, ജീവിതവൃത്തിയുമായി ബന്ധപ്പെട്ട പ്രശ്നനിവാരണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്തു കൊണ്ടിരിക്കുന്ന വിദഗ്ധനാണ്. മുല്ലപ്പെരിയാർ പ്രശ്നത്തെ തുടർന്ന് ഫോറം ഫോർ പോളിസി ഡയലോഗ് ഓൺ വാട്ടർ കോൺഫ്ളിക്ട്സ് ഇൻ ഇന്ത്യ എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ ഈ പ്രതിസന്ധി എങ്ങനെ പരിഹരിക്കുമെന്ന് ചൂണ്ടിക്കാട്ടി പ്രധാനമന്ത്രി മൻമോഹൻ സിംഗിന് കത്തയച്ച സംഘത്തിൽ അദ്ദേഹവുമുണ്ട്. പുതിയ ഡാം എന്തുകൊണ്ട് പരിഹാരമല്ലെന്നും എങ്ങനെ ദുരന്തമാകുമെന്നും വിശദീകരിക്കുന്നു**

**ഡോ. ജനകരാജൻ**

# പുതിയ ഡാം കെട്ടാതെ മുല്ലപ്പെരിയാറിന് പരിഹാരമുണ്ട്

**പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ പുതിയ ഡാം നിർമ്മിക്കരുതെന്നാണ് നിങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നത്. പരിസ്ഥിതിനാശവും കടുവാസങ്കേതത്തിനും ദോഷകരമാകുമെന്നതുകൊണ്ടാണോ അങ്ങനെ പറയുന്നത്?**

കുറച്ച് കാലമായി ഞാൻ ഈ വിഷയം പഠിച്ചു തുടങ്ങിയിട്ട്; മാത്രമല്ല പുതിയ ഡാമല്ല പരിഹാരമെന്ന് പറഞ്ഞുതുടങ്ങിയിട്ടും കാലം കുറച്ചായി. പൊതുവെ പരിസ്ഥിതിക്ക് നാശം വരുത്തുന്ന വലിയ ഡാമുകൾക്ക് എതിരാണ് ഞാൻ. എല്ലാറ്റിനുമുപരിയായി എല്ലാ ജലസംഭരണികൾക്കും ഒരു നിശ്ചിത ആയുസ്സുണ്ട്; 40,50 വർഷമൊക്കെ. അതു പോലെ വർഷങ്ങൾ കഴിയുന്തോറും അടിഞ്ഞു കൂടുന്ന ചെളിയുടെ അളവും കൂടും. ഭക്രാനംഗൽ, ഹിരാക്കുഡ് പോലുള്ള വലിയ ഡാമുകൾക്ക് 30-40 ശതമാനത്തോളം സംഭരണശേഷി നഷ്ടപ്പെട്ടിരിക്കുന്നു. മുല്ലപ്പെരിയാറിന്റെയും അവസ്ഥ മറ്റൊന്നല്ല. പുതിയ അണക്കെട്ട് നിർമ്മിച്ചാൽത്തന്നെ അതും കാലാകാലം നിലനിൽക്കുന്ന ഒന്നല്ലല്ലോ. പശ്ചിമഘട്ടം ഒരു പ്രധാന പരിസ്ഥിതി ലോലപ്രദേശമാണ്. ഒരു കടുവാസങ്കേതം കൂടി നിലനിൽക്കുന്ന പ്രദേശം മുങ്ങിപ്പോകുന്നുവെന്നതും ഖേദകരമാണ്.

**എന്തു തരത്തിലുള്ള പാരിസ്ഥിതിക ദൂഷ്യമാണ് പുതിയ ഡാം പശ്ചിമഘട്ടത്തിന് വരുത്തുക?**

വനനശീകരണമാണ് പ്രത്യക്ഷമായ നാശം. പശ്ചിമഘട്ടത്തിൽ അവിടെ മാത്രം കണ്ടു വരുന്ന പല ജീവജാലങ്ങളുമുണ്ട്. മുഴുവനായി പശ്ചിമഘട്ടത്തെ ആരും പഠനവിധേയമാക്കിയിട്ട് പോലുമില്ല. നമുക്ക് വേണ്ടി മാത്രമല്ല, ഭാവിതലമുറയ്ക്ക് വേണ്ടി കൂടി നാം ഇത് സംരക്ഷിക്കേണ്ടതാണ്. ദക്ഷിണേന്ത്യയ്ക്ക് മുഴുവൻ മുതൽക്കൂട്ടായ പശ്ചിമബംഗാളിലെയും ബംഗ്ലാദേശിലെയും കണ്ടൽക്കാടുകൾ പോലെയാണ് ഇവിടെ പശ്ചിമഘട്ടം.

**പ്രധാനമന്ത്രിക്ക് നൽകിയ കത്തിൽ ഹ്രസ്വ-ദീർഘകാല പദ്ധതികളെക്കുറിച്ച് നിങ്ങൾ പറയുന്നുണ്ട്. ഹ്രസ്വകാല പദ്ധതിയായി അണക്കെട്ടിലെ ജലനിരപ്പ് 120 അടിയോ അതിൽ താഴെയോ ആക്കാൻ പറഞ്ഞതെന്തുകൊണ്ടാണ്?**

നമുക്ക് മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ഹ്രസ്വ-ഇടക്കാല-ദീർഘകാല പദ്ധതികൾ തയ്യാറാക്കാനാകും. ഹ്രസ്വകാല പദ്ധതിയായി ഞങ്ങൾ പറഞ്ഞ ജലനിരപ്പ് 120 അടിയാക്കി താഴ്ത്താനുള്ള

നിർദ്ദേശം കേരളാ ഗവൺമെന്റും അംഗീകരിക്കുന്ന കാര്യമാണ്. അങ്ങനെയാക്കിയാൽ പിന്നെ മുല്ലപ്പെരിയാർ ഒരു വലിയ ജലസംഭരണിയല്ലാതാകും. മറിച്ച് അത് വെള്ളം തിരിച്ചുവിടുന്ന അണക്കെട്ട് മാത്രമാകും. അതായത് കേരളത്തിന്റെ സിംഹഭാഗം വരുന്ന ജലഭരിതപ്രദേശം സ്വതന്ത്രമാകും. ഇപ്പോൾ 105–106 അടിയിൽ നിന്നും വെള്ളം വഴി തിരിച്ചുവിടുന്ന തമിഴ്നാടിന് ഇനിയും അങ്ങനെ ചെയ്യാൻ കഴിയും. പക്ഷേ വെള്ളം തമിഴ്നാടിന്റെ പ്രദേശത്ത് വൈഗ അണക്കെട്ടിലും ജലസംഭരണികളുടെ ശ്രേണിയുണ്ടാക്കി അവയിലും സംഭരിക്കണം. പരിസ്ഥിതിയ്ക്കുണ്ടാകുന്ന ദോഷവും ഒരു പരിധി വരെ കുറച്ചുകൊണ്ടുവരാനാകും. അതിനാൽ തമിഴ്നാട്ടിൽ സംഭരണികളുണ്ടാക്കാനുള്ള ജലപഠനങ്ങളും സർവ്വേകളും നടത്തേണ്ടതാണ്.



ഡോ. ജനകരാജൻ

**തമിഴ്നാട് ഈ നിർദ്ദേശങ്ങളോട് എങ്ങനെ പ്രതികരിക്കും?**

അതെനിക്കറിയില്ല. അവർ ഒരേ സമയം പുതിയ ഡാമിനെ ശക്തമായി എതിർക്കുന്നുണ്ടെങ്കിലും ജലനിരപ്പ് 142 അടിയാക്കണമെന്നും പറയുന്നു. മറുവശം കേരളത്തിന്റെ ശക്തിയായ വാദം പുതിയ ഡാമിനു മാത്രമേ പ്രശ്നം പരിഹരിക്കാൻ കഴിയൂ എന്നാണ്. ഇങ്ങനെ രണ്ട് കക്ഷികളും അവരവരുടെ വാദത്തിലുറച്ചു നിന്നാൽ പരിഹാരമുണ്ടാകില്ല.

**താങ്കൾ പറയുന്നത് മുല്ലപ്പെരിയാർ ഒരു ഡൈവേർഷൻ അണക്കെട്ട് മാത്രമാകുമെന്നും സംഭരണ അണക്കെട്ടല്ലാതാകുമെന്നുമാണോ?**

ഡൈവേർഷൻ അണക്കെട്ടല്ല, ഡൈവേർഷൻ തടയണ. അണക്കെട്ടാണ് വെള്ളം സംഭരിക്കുന്നത്. തടയണ വെള്ളം തിരിച്ചു വിടുന്ന സംവിധാനമാണ്. കുറച്ച് വെള്ളം മുല്ലപ്പെരിയാറിലും കുറച്ച് വൈഗയിലും മറ്റ് ചെറിയ സംഭരണികളിലും സൂക്ഷിച്ച്, കുറച്ച് വെള്ളം തുടർച്ചയായി ഉപയോഗിക്കുമെന്ന് ഉറപ്പുവരുത്തിയാൽ മതി.

**ദീർഘകാല പദ്ധതികളും നിർദ്ദേശങ്ങളുമെന്താണ്?**

പശ്ചിമഘട്ടം ഒരു സംസ്ഥാനത്തിനു മാത്രം സ്വന്തമായതല്ല. കേരളവും തമിഴ്നാടും കർണ്ണാടകയും ഒത്തുചേർന്ന് മുൻഗണന നൽകി സംരക്ഷിക്കേണ്ട പ്രദേശമാണത്. തമിഴ്നാട് അവരുടെ നീർത്തടങ്ങൾ കണ്ടെത്തുകയും സംരക്ഷിക്കുകയും ജലവിതരണം വർദ്ധിപ്പിക്കുകയും ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

**ആ പ്രദേശത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട ഭൂചലനത്തെക്കുറിച്ച് എന്താണഭിപ്രായം?**

ഞാൻ അക്കാര്യത്തിൽ വിദഗ്ദ്ധനല്ല. എന്നാൽ ജ. ആനന്ദ് നയിക്കുന്ന കമ്മിറ്റി റിപ്പോർട്ട് പറയുന്നത് ഭൂചലനങ്ങൾ ഡാമിനെ ബാധിച്ചിട്ടില്ല എന്നാണ്. പക്ഷേ അത് ഭാവിയിൽ ബാധിച്ചേക്കാം എന്നാണ് എനിക്ക് തോന്നുന്നത്. ആർക്കും ഇക്കാര്യത്തിൽ ഉറപ്പു പറയാനാവില്ല. വിദഗ്ദ്ധർ പറയുന്നത് അതൊരു ഭ്രംശനസാദ്ധ്യതാപ്രദേശമാണെന്നാണ്.

**അണക്കെട്ടുകൾക്ക് ഒരു നിശ്ചിത ആയുസ്സില്ലേ?**

തീർച്ചയായുമുണ്ട്. തമിഴ്നാട് ഇപ്പോൾ പറയുന്നതു പോലെ ഈ ഡാം എക്കാലവും സുരക്ഷിതമല്ല. ഏതൊരു മനുഷ്യനിർമ്മിതവസ്തുവിനും ഒരു നിശ്ചിത പ്രായപരിധിയുണ്ട്. അതിനാൽ ബദൽ പദ്ധതിയെക്കുറിച്ച് ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അങ്ങനെ ഒരു പരിഹാരം ഇരുസംസ്ഥാനങ്ങൾക്കും സ്വീകാര്യമായ തരത്തിലാകുകയും വേണം. പുതിയ ഡാം പണിതാലും ഇതേ പ്രശ്നങ്ങൾ പുതിയതിനുമുണ്ടാകും. മാത്രമല്ല, പാരിസ്ഥിതികാഘാതങ്ങൾ വേറെ. വെള്ളം തിരിച്ചുവിടുന്ന തടയണകൾക്ക് കൂടുതൽ ആയുസ്സുമുണ്ട്. തമിഴ്നാട്ടിലെ കാവേരി നദിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഗ്രാന്റ് ആനിക്കട്ട് കനാൽ ഏ.ഡി 2-ാം ആണ്ടിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതും ഇപ്പോഴും നിലനിൽക്കുന്നതുമാണ്. അതായത് 2000 വർഷത്തിലധികം പഴക്കമുണ്ടതിന്.

**തമിഴ്നാടും കർണ്ണാടകയും തമ്മിലുള്ള ജലതർക്കങ്ങളിലിടപെട്ട് വർഷങ്ങളായി പ്രവർത്തിക്കുന്ന വിദഗ്ധൻ എന്ന നിലയിൽ കേരളവും തമിഴ്നാടും തമ്മിലുള്ള ഈ ജലതർക്കത്തെ എങ്ങനെ കാണുന്നു? നദീസംയോജനം (Interlinking of Rivers) ഇപ്പോഴത്തെ പ്രതിസന്ധികൾക്ക് പരിഹാരമാണോ?**

അല്ല. നദീസംയോജനം പാരിസ്ഥിതികമായി വിവേകരഹിതമായ പദ്ധതിയാണ്. അത് കൂടുതൽ തർക്കങ്ങൾക്കിടയാക്കുകയേയുള്ളൂ. ഒറീസ്സയിലെ മഹാനദിയുടെ കാര്യമെടുക്കുക. ഇവർ പറയുന്ന അധികജലം (Surplus Water) ഉള്ളത് കടലിനോടടുത്ത് ഏകദേശം 50–60 കിലോമീറ്റർ ദൂരത്ത് മാത്രമാണ്. (മിക്കവാറും നദികളുടെ കാര്യം ഇങ്ങനെ തന്നെയാണ്. കടലിനോട് ചേരുന്ന ഭാഗങ്ങളിലാണ് വെള്ളം നന്നായി കണ്ടുവരുന്നത്). എന്നാൽ മേൽത്തടങ്ങളിൽ അധികജലമുണ്ടെങ്കിൽ മാത്രമേ മറ്റ് നദീതടങ്ങളിലേക്ക് അത് തിരിച്ചുവിടാൻ കഴിയൂ. അതല്ലെങ്കിൽ കീഴ്ത്തടത്തിൽ നിന്ന് മേൽത്തടത്തിലേക്ക് എങ്ങനെ വെള്ളം പമ്പ് ചെയ്യുമെന്നാണ് എനിക്ക് മനസ്സിലാകാത്തത്. മാത്രമല്ല, മൺസൂൺ സമയത്ത് എല്ലായിടത്തും അധികജലം ഇല്ലേ? ഉദാഹരണത്തിന് മഹാനദിയിൽ മൺസൂണിൽ നല്ല ഒഴുക്കാണ്. അതായത് പുഴ പോലെ ഒരു കനാലോ മറ്റോ നിർമ്മിക്കാതെ ഒരു നദീതടത്തിൽ നിന്ന് മറ്റൊരു നദീതടത്തിലേക്ക് വെള്ളം തിരിച്ചുവിടാൻ കഴിയില്ല.

ഇത് പ്രയോഗികമല്ലെന്ന് തെളിയിക്കാനുള്ള നിരവധി രേഖകൾ എന്റെ കൈയിലുണ്ട്. ഈ പദ്ധതിക്ക് 5.5 ലക്ഷം കോടി രൂപ ചെലവ് വരുമെന്ന് 8–9 വർഷങ്ങൾക്ക് മുമ്പ് കണ്ടെത്തിയിരുന്നു. ഇപ്പോൾ അത് 10–12 ലക്ഷം

കോടിയാകും. 10 ശതമാനം പദ്ധതിച്ചെലവ് ഓരോ വർഷത്തെ അറ്റകുറ്റപ്പണികൾക്കായി മാറ്റിവെച്ചാൽ അതിന് തന്നെ ഗവൺമെന്റ് 1 ലക്ഷം കോടി രൂപ മുടക്കേണ്ടി വരും. നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണിതൊക്കെ. മറ്റ് സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക പ്രശ്നങ്ങൾ വേറെയാണ്.

### മനുഷ്യകുലം ഉള്ളത്രയും നാൾ ജലതർക്കങ്ങളുമുണ്ടാകില്ലേ?

യഥാർത്ഥത്തിൽ തർക്കങ്ങൾ മോശമല്ല. അവ മാറ്റങ്ങൾക്ക് വഴിവെക്കുകയും പുതിയ അവസരങ്ങൾ തുറന്നു തരികയും ചെയ്യുന്നു. അനുകൂലമായിട്ടാണതിനെ കാണേണ്ടത്. മുല്ലപ്പെരിയാറിൽ കേരളത്തിലെ ജനങ്ങൾക്ക് ഡാം തകർച്ചയെക്കുറിച്ചുള്ള ഭയം, തമിഴ്നാട്ടിൽ ജീവിക്കാനാവശ്യമായ ജലം നഷ്ടപ്പെടുമോ എന്നുള്ള ഭയവുമാണ് നിലനിൽക്കുന്നത്. വെള്ളം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ചിന്തിക്കാനുള്ള അവസരമാണിത്. ഇപ്പോൾ 116 വയസ്സായ ഡാം ഇനിയും 10 വർഷമായാൽ കൂടുതൽ ഭീഷണിയാകും. അതിനാൽ രണ്ട് കൂട്ടർക്കും തൃപ്തികരമായ ഒരു പരിഹാരത്തെക്കുറിച്ച് വേണം ചിന്തിക്കാൻ. പശ്ചിമഘട്ടത്തിലെ പരിസ്ഥിതി കാത്തുരക്ഷിക്കൂ; കൂടുതൽ മഴയെ പിടിച്ചു നിർത്താൻ വനങ്ങൾ വെച്ചുപിടിപ്പിക്കൂ; ജലലഭ്യതക്ക് ആക്കം കൂട്ടുന്ന പുതിയ നീർത്തടങ്ങൾ കണ്ടെത്തൂ തുടങ്ങി അനുകൂലമായി ഈ പ്രശ്നത്തെ നോക്കിക്കാണാനാണ് ഞാനാഗ്രഹിക്കുന്നത്.

### പക്ഷേ തർക്കം കാരണം ഇപ്പോൾ ശത്രുക്കളെപ്പോലെ പെരുമാറുന്ന ഇരുസംസ്ഥാനങ്ങളോടും എന്തുപറയും?

കേരളവും തമിഴ്നാടും സാമൂഹികമായും സാംസ്കാരികമായും സാമ്പത്തികമായും പരസ്പരം ആശ്രയിച്ചുപോരുന്ന സംസ്ഥാനങ്ങളാണ്. തമിഴ്നാട്ടിൽ കൃഷി ചെയ്തുല്പാദിപ്പിക്കുന്ന എത്ര ടൺ പഴങ്ങളും പച്ചക്കറികളും പൂക്കളും ധാന്യങ്ങളുമാണ് കേരളത്തിൽ ഉപയോഗിക്കപ്പെടുന്നത്? കേരളം അവർക്ക് നല്ല ഒരു മാർക്കറ്റാണ്. എത്ര തമിഴരാണ് ശബരിമല സന്ദർശിക്കുന്നത്? അതുപോലെ മലയാളികളെത്രയോ പേർ മധുരമീനാക്ഷിയും പളനിയും സന്ദർശിക്കുന്നു? ദ്രാവിഡിയൻമാരായ ഇരുസംസ്ഥാനക്കാരുടെയും രീതികളും ഭാഷയും വരെ ഏകദേശം സാമ്യമുള്ളതാണ്.

### രാഷ്ട്രീയപ്രവർത്തകർ ജനങ്ങളുടെ മനസ്സിലെ ഭീതി വർദ്ധിപ്പിക്കുന്നതായി താങ്കൾക്ക് തോന്നുന്നുണ്ടോ?

തീർച്ചയായും. കേരളത്തിലെ രാഷ്ട്രീയപാർട്ടികളാണ് ഏറ്റവും ദ്രോഹം ചെയ്തത്. അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു. ഞാൻ ഈ പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ചിട്ടുണ്ട്. അവിടെ ഭീതിമനശ്ശാസ്ത്രമാണ് പ്രവർത്തിക്കുന്നത്. ആളുകൾക്ക് ഉറക്കം പോലുമില്ലാതായിരിക്കുന്നു.

### നിങ്ങളയച്ച കത്തിൽ ഒരു ത്രികക്ഷി പാനലിനെക്കുറിച്ച് പറയുന്നുണ്ടല്ലോ? യഥാർത്ഥത്തിൽ എന്താണിതുകൊണ്ടുദ്ദേശിക്കുന്നത്?

സിവിൽസമൂഹത്തിൽ നിന്നുമൊരു പാനൽ എന്നാണുദ്ദേശിച്ചത്. അവരായിരിക്കും അഭിപ്രായം പറയുന്നവർ. ഭൂരിഭാഗം പേരും ഇക്കാര്യത്തിൽ ഞങ്ങളോട് യോജിക്കുന്നു. പ്രകൃതിസ്നേഹികൾ, ഒരു പുതിയ ഡാം പരിഹാരമല്ലെന്ന് പറഞ്ഞ് ഞങ്ങളെ അനുകൂലിക്കുന്നു. ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരും ഞങ്ങളുടെ നിർദ്ദേശത്തെ അംഗീകരിച്ചുകൊണ്ട് പ്രധാനമന്ത്രിയ്ക്കുള്ള കത്തിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

### നിങ്ങളുടെ നിർദ്ദേശം സ്വീകരിക്കാൻ രാഷ്ട്രീയനേതാക്കൾ തയ്യാറാണോ?

ഇല്ല. രാഷ്ട്രീയനേതാക്കളുടെയാരുടെയും സഹകരണം ഇക്കാര്യത്തിൽ ഞങ്ങൾക്ക് ലഭിച്ചിട്ടില്ല. ഞങ്ങളും ആരെയും സമീപിച്ചിട്ടില്ല. ഒരു യാത്രയ്ക്കിടെ സി പി ഐ (എം) നേതാവ് സീതാറാം യെച്ചൂരിയോട് ഈ വിഷയത്തെക്കുറിച്ച് അല്പം സംസാരിച്ചിരുന്നു. അദ്ദേഹം ഞങ്ങളുടെ നിർദ്ദേശത്തോട് യോജിക്കുകയും അദ്ദേഹത്തിന്റെ ആവശ്യപ്രകാരം അവ അയച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ ഇതുവരെ യാതൊരനക്കവുമില്ല. പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും ഞങ്ങൾക്ക് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല.

### എങ്ങനെയാണ് താങ്കൾ ഈ നിർദ്ദേശങ്ങൾ യാഥാർത്ഥ്യമാക്കാനുദ്ദേശിക്കുന്നത്?

2003ൽ ഞാൻ കാവേരി പ്രശ്നത്തിൽ കർഷകരെയും നേതാക്കളെയും ഒക്കെ ഉൾപ്പെടുത്തി 18 ഫലപ്രദമീറ്റിംഗുകൾ നടത്തിയിരുന്നു. ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരു ജലകൈമാറ്റ ഫോർമുല രൂപീകരിക്കുന്നതിനടുത്തെത്തിയിരുന്നതുമാണ്. എന്നാൽ ഞങ്ങൾക്ക് ശക്തമായ രാഷ്ട്രീയപിന്തുണ കിട്ടാത്തത് പ്രശ്നപരിഹാരത്തിന് തടസ്സമായിത്തീർന്നു. അതുപോലെ മുല്ലപ്പെരിയാറിന്റെ പ്രശ്നത്തിലും പല തരത്തിലുള്ള യഥാർത്ഥ ഗുണഭോക്താക്കളെ ഒന്നിച്ചുചേർത്ത് അർത്ഥവത്തായ സംഭാഷണങ്ങൾക്കും ആശവിനിമയത്തിനുമുള്ള വേദിയൊരുക്കാനാണ് ഫോറം ഇപ്പോൾ ശ്രമിക്കുന്നത്.


**പുതിയ ഡോക്യുമെന്ററികൾ**

**കൂടംകുളം ആണവവിരുദ്ധ സമരത്തെക്കുറിച്ചുള്ള പുതിയ ഡോക്യുമെന്ററികളുടെ കോപ്പികൾ കേരളീയത്തിൽ**

1. നെയ്തലിൻ പാടൽ (സംവിധാനം : ശ്രീമിത്ത്)
2. ടൈം ബോംബ് അറ്റ് ഔവ്വർ ഡോർസ്റ്റെപ്പ് (സംവിധാനം : സതീഷ്. കെ)

**വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്**
കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 0487-2421385,9446576943



books
magazines
periodicals

BYWORD BOOKS

marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689,Mob : 9847764577